# GSNVLPS
# MANJOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

# ഗവ. എസ് എൻ വി. എൽ പി സ്കൂൾ, മാണൂർ.

## ആമുഖം.

മാണൂർ ഗ്രാമ പഞ്ചായത്തിലെ 12-ാം വാർഡിലെ സർവേ നമ്പർ 291/3 പുരയിടത്തിൽ ഇപ്പോൾ ഗവ. എസ്. എൻ. വി എൽ പി സ്കൂൾ പ്രവർത്തിച്ചു വരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യമില്ലായിരുന്ന അവസ്ഥയിൽ ഈ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി 1912-ൽ മാണൂർ തെക്കേചാനാക്കുന്നിൽ ശ്രീ. കുമാരൻ എന്ന ആൾ 16½ സെന്റ് സ്ഥലം നൽകി ഒരു കുടിപ്പള്ളിക്കൂടം ആരംഭിച്ചു. തുടർന്ന് സ്കൂൾ നടത്തിപ്പ് SNDP ശാഖ ഏറ്റെടുത്തു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനാൽ ശാഖയ്ക്ക് സ്കൂൾ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകാൻ കഴിയാത്ത അവസ്ഥയിൽ 1948-ൽ സർക്കാരിനു വിട്ടുകൊടുത്തു.

ആദ്യകാലത്ത് ഈരണ്ട് ഡിവിഷനുകളിലായി 1-ാം ക്ലാസ്സ് മുതൽ 5-ാം ക്ലാസ്സ് വരെ കുട്ടികൾ പഠിച്ചിരുന്ന ചരിത്രം ഈ സ്കൂളിനുണ്ട്. എന്നാൽ ഇപ്പോൾ ഭൗതിക സാഹചര്യം മെച്ചപ്പെട്ട് നല്ലൊരു പഠനാന്തരീക്ഷം ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യമാണുള്ളത്.

## നിലവിലുള്ള അവസ്ഥ.

ഇപ്പോൾ ഈ സ്കൂളിൽ 1-ാം ക്ലാസുമുതൽ 4-ാം ക്ലാസുവരെ. 8. കുട്ടികളാണ് പഠിക്കുന്നത്. H.M ഉൾപ്പെടെ 4 ടീച്ചേഴ്സും ഒരു പി.ടി മിനിയലും ഒരു പാചകത്തൊഴിലാളിയും ഉണ്ട്.

## കുട്ടികളുടെ എണ്ണം കുറയുവാനുള്ള കാരണങ്ങൾ.

- പൊതുവേ ഈ പ്രദേശത്ത് കുട്ടികളുടെ എണ്ണം കുറവാണ്.
- എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
- ഇംഗ്ലീഷ് മീഡിയത്തിന്റെ അഭാവം.
- IT അധിഷ്ഠിത ക്ലാസ് മുറികൾ ഇല്ല.
- പാഠ്യേതര വിഷയങ്ങൾ – ചിത്രരചന, യോഗ സംഗീതം, എയ്റോബിക്സ് മുതലായവയിൽ പരിശീലനം സിദ്ധിച്ച അധ്യാപകരുടെ അഭാവം.
- സാമ്പത്തിക ബുദ്ധിമുട്ട്.
- കുട്ടികൾക്ക് കളിക്കാനും, Sports practice ചെയ്യാനുമുള്ള ഗ്രൗണ്ടിന്റെ അപര്യാപ്തത.
- പ്രീപ്രൈമറി ഇല്ലാത്തത്.

## പൊതുലക്ഷ്യങ്ങൾ.

1. സ്കൂളിലെ മുഴുവൻ കുട്ടികളെയും നിർദ്ദിഷ്ട പഠന നേട്ടങ്ങളുള്ളവ പങ്കാളികളാക്കി മാറ്റാൻ കഴിയുന്ന രീതിയിൽ പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കുക.
2. ഭിന്ന നിലവാരത്തിലുള്ള കുട്ടികളാകയാൽ അവരുടെ പ്രായം, പ്രകൃതം എന്നിവ പരിഗണിച്ച് തുല്യ അവസരങ്ങൾ പ്രദാനം ചെയ്യുന്ന രീതിയിലുള്ള വിദ്യാലയം.
3. സവിശേഷതകളുള്ള കുട്ടികളെ അവരുടെ അഭിരുചിക്ക് ഇണങ്ങുന്ന രീതിയിൽ അവരുടെ കഴിവുകളെ ഉയർന്ന തലത്തിൽ എത്തിക്കാൻ ഉതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ തക്ക വിദ്യാലയം.
4. നാടൻ കലകൾ, നാട്ടറിവുകൾ, കൈത്തൊഴിലുകൾ എന്നിവയിൽ പ്രാവീണ്യം നേടാൻ തക്ക രീതിയിലുള്ള ക്ലാസ്റൂം.
5. പ്രകൃത്യാ ഉള്ള അഗ്നിബാധങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ, അപകടകാരികളായ ജീവികൾ ഇവയിൽ നിന്നും രക്ഷ നേടുന്നതിനുള്ള പരിശീലനം സിദ്ധിച്ച കുട്ടികൾ ഉള്ള വിദ്യാലയം.
6. പ്രാദേശികമായുള്ള പ്രത്യേകതകൾ, നാട്ടറിവുകൾ, കേട്ടറിവുകൾ, കരകൗശല സമ്പത്ത്, കൃഷി ഇവയെക്കുറിച്ച് താല്പര്യം ജനിപ്പിക്കുന്ന രീതിയിലുള്ള പഠനബോധന രീതിയ ഉള്ള വിദ്യാലയം.

7. എല്ലാകുട്ടികൾക്കും , മലയാളം , ഇംഗ്ലീഷ് എന്നിവ തെറ്റില്ലാതെ എഴുതാനും വായിക്കാനും , സംസാരിക്കാനുമുള്ള കഴിവുള്ള കുഞ്ഞുങ്ങളുള്ള വിദ്യാലയം.

8. കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള പഠനരീതി.

9. ഭിന്ന ശേഷിക്കാരെ പരിഗണിക്കൽ.

ഭാഷാപഠനം. (ഇംഗ്ലീഷ്, മലയാളം)

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ലക്ഷ്യങ്ങൾ.

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി.
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ.
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക.
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ മെച്ചപ്പെടുത്തുക.
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കുക.
- സംയുക്ത ഡയറി, സർഗാത്മക ഡയറി, സചിത്ര പാഠപുസ്തകം, റീഡേഴ്സ് തിയേറ്റർ എന്നിവ നടപ്പിലാക്കുക.
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കൽ
- എല്ലാദിവസവും മലയാളം ഇംഗ്ലീഷ് അസംബ്ലി.
- കാവ്യോത്സവം, പാട്ടരങ്ങ്, വിദ്യാരംഗം

| | | |
|---|---|---|
| ഹ്രസ്വകാലം | മധ്യമകാലം | ദീർഘകാലം. |
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>• അക്ഷരം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡുകൾ നൽകുക.<br>• അക്ഷരകാർഡുകളിൽ നിന്ന് നിർദ്ദിഷ്ടം അക്ഷരങ്ങൾ കണ്ടെത്തൽ.<br>• മഞ്ചാടിക്കുരു, പുളിങ്കുരു മുത്ത് മുതലായ വസ്തുക്കൾ ഉപയോഗിച്ച് ചാർട്ടുപേപ്പറിൽ അക്ഷരങ്ങൾ ഉണ്ടാക്കാം.<br>• ബാലമാസിക, ദിനപത്രം കുട്ടിക്കഥ മുതലായവയിൽ നിന്ന് നിർദ്ദേശിക്കുന്ന അക്ഷരങ്ങൾ കണ്ടെത്തൽ. | ICT സാധ്യത ഉറപ്പുവരുത്താം കമ്പ്യൂട്ടർ ലാബ് Smart class റൂം ലാപ്ടോപ്പ് എന്നിവ പ്രയോജനപ്പെടുന്നു. | ICT സാധ്യതകൾക്കായി വിദഗ്ധരുടെ സഹായം തേടാം. |
| ചിഹ്നങ്ങൾ, ചില്ലക്ഷരങ്ങൾ<br>ചിഹ്നങ്ങളും ചില്ലക്ഷരങ്ങളും വരുന്ന പദങ്ങൾ കണ്ടെത്തി ചാർട്ട് പേപ്പറിൽ എഴുതുന്നു. | ദിനപത്രങ്ങൾ, ബാലമാസികകൾ, കമ്പ്യൂട്ടർ ലാപ്ടോപ്പ് | സ്മാർട്ട് ക്ലാസ്സ്. |
| പദങ്ങൾ കണ്ടെത്തൽ.<br>അക്ഷരക്കാർഡുകൾ ചേർത്തു വെച്ച് അർത്ഥമുള്ള പദങ്ങൾ ഉണ്ടാക്കുന്നു. പദങ്ങൾ | മുതിർന്ന കുട്ടികളുടെ സഹായം തേടാം കമ്പ്യൂട്ടർ, ലാപ്ടോപ്പ് | സ്മാർട്ട് ക്ലാസ്സും. |

| | | |
|---|---|---|
| ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കാം. | | |
| **അടിക്കുറിപ്പ്.**<br>ചിത്രം നൽകി അടിക്കുറിപ്പ് എഴുതാം, കഥ പറയാം എഴുതാം. കഥയുടെ ബാക്കി ഭാഗം പൂരിപ്പിക്കാം. ഉലകൂത്തിട്ടം പോലെയുള്ള പ്രത്യേക ക്ലാസുകൾ നൽകാം. | ICT, BRC എന്നിവയുടെ സഹായം തേടൽ | PTA<br>DIET |
| **സ്കൂൾ ലൈബ്രറി.**<br>വായനക്കുറിപ്പ് തയ്യാറാക്കൽ ക്ലാസിൽ അവതരിപ്പിക്കുക. ഓരോ ക്ലാസിലും വായനമൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ. | സ്കൂൾ ലൈബ്രറി പുസ്തക ശേഖരണം രക്ഷിതാക്കളുടെ സഹായം. | പബ്ലിക് ലൈബ്രറി. കുട്ടികളുടെ സർഗസൃഷ്ടികൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ യോഗ്യമെങ്കിൽ പ്രദർശനം |
| **അമ്മ വായന.**<br>അമ്മമാർക്കായി ലൈബ്രറി പുസ്തകങ്ങൾ നൽകുക. കുട്ടികൾക്ക് വായിച്ചുകൊടുക്കുക കുറിപ്പ് തയ്യാറാക്കാൻ സഹായിക്കുക. | സ്കൂൾ ലൈബ്രറി<br>PTA | രക്ഷിതാക്കളുടെ സർഗസൃഷ്ടികൾ അച്ചടിച്ച് പ്രസിദ്ധീകരിക്കാനുള്ള പ്രവർത്തനങ്ങൾ. |

# ഗണിത പഠനം.

ഭൂരിഭാഗം കുട്ടികൾക്കും ഗണിതം ബുദ്ധിമുട്ടുള്ള ഒരു വിഷയമാണ്. അതുകൊണ്ട് ക്ലാസ് പ്രവർത്തനങ്ങൾ ആസ്വാദ്യകരവും പ്രക്രിയാബന്ധിതവുമായാൽ മാത്രമേ ഗണിതം രസകരമായിത്തീരുകയുള്ളൂ. സംഖ്യകൾകൊണ്ടുള്ള കളികൾ, ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള ചിത്രരചന, ടാൻഗ്രാം പസിലുകൾ വേദഗണിതത്തിൽ ഉൾപ്പെടുന്ന പാഠങ്ങളുടെ ലളിതമായ രീതികൾ ഇവ പ്രവർത്തനങ്ങളായി നൽകി ഗണിതപഠനം ആസ്വാദ്യകരമാക്കിത്തീർക്കാം. ഇത്തരം കാര്യങ്ങളുടെ അടിസ്ഥാന പാഠങ്ങൾ ഇപ്പോൾ ഇതര പ്രവർത്തനങ്ങളായും അധ്യാപകർ കണ്ടെത്തി നൽകുന്ന പ്രവർത്തനങ്ങളായും നൽകിപ്പോരുന്നു.

| ഹ്രസ്വകാലം | മധ്യമകാലം | ദീർഘകാലം |
|---|---|---|
| പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ വർക്ക് ബുക്ക് അഭ്യാസങ്ങൾ, അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പസിലുകൾ കളികൾ തുടങ്ങിയവ സമയബന്ധിതമായും പ്രവർത്തനാധിഷ്ഠിതമായും, (ചെയ്ത്) സിലബസ് പൂർത്തീകരിക്കുന്നു<br>• ഗണിതലാബിലെ പ്രവർത്തന | ICT സാധ്യത ഉറപ്പുവരുത്തൽ.<br>Smart Class room.<br>Digital board<br>LCD Projector,<br>Laptop ഇവയുടെ ലഭ്യത.<br>ഒരു ക്ലാസ് മുറിയെങ്കിലും Digital Class room. | ഇന്റർനെറ്റ് സംവിധാനം ലഭ്യമാകുന്ന രീതിയിലുള്ള class room<br>എല്ലാ ക്ലാസ് മുറികളും Digital Class room. |

| | | |
|---|---|---|
| • അഭിപ്രായങ്ങൾ തുറന്നു പറയാനും പരസ്പര വിനിമയത്തിനുള്ള സാധ്യതാ ചോദ്യങ്ങൾ ചോദിക്കാനുള്ള സൗകര്യം, സംഘപഠനത്തിനുള്ള സാധ്യത.<br>• പഠന പ്രവർത്തനത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു കുട്ടികളുടെ സഹായത്തോടെ അവരുടെ ആവശ്യത്തിനനുസൃതമായി പഠന സാമഗ്രികൾ നിർമ്മിക്കുന്നു. | ആശയം വിശദമാക്കുന്ന ഗണിതലാബുകൾ, എല്ലാ ക്ലാസ് മുറികളിലും കുട്ടികൾക്ക് യഥേഷ്ടം കൈകാര്യം ചെയ്യാൻ കൈതിരിയിലൂടെ ക്ലാസ് മുറിയിൽ തന്നെ ക്രമീകരിച്ചത്. | എല്ലാ കുട്ടികൾക്കും ഉപയോഗിക്കാനുള്ള Laptop, കുട്ടിക്ക് സ്വയം പഠനത്തിന് അവസരമൊരുക്കുന്ന രീതിയിലുള്ള സർവേ, സംവാദം, ചർച്ച, അഭിമുഖം, സഹപഠനം മുതലായ പഠനങ്ങൾ നടപ്പിലാക്കുന്നതരത്തിലുള്ള രീതിയിൽ പഠനം ക്രമീകരിക്കാൻ വിദഗ്ധരുടെ സേവനം. |
| ജ്യാമിതീയ രൂപങ്ങൾ.<br>അവ ഉപയോഗിച്ചുള്ള ചിത്രങ്ങൾ, മോഡൽസ് മുതലായവ, പഠന പ്രവർത്തനങ്ങളും സിലബസുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്നു. അവ ഉപയോഗിച്ച് സ്വയം പഠനം നടത്താനുള്ള പരിശീലനം നടത്തിവരുന്നു. | ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കാനും രൂപങ്ങൾ നിർമ്മിക്കാനും (ഉയർന്ന നിലവാരം പുലർത്തുന്നവർ) ഉള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കുക. | ഇത്തരം ചിത്രങ്ങൾ, പാറ്റേൺ മുതലായവ കമ്പ്യൂട്ടറിന്റെ സഹായത്തോടെ വരയ്ക്കാനുള്ള പരിശീലനം നൽകാനുള്ള പ്രവർത്തനം (വിദഗ്ധരുടെ സേവനം) |
| • ടാൻഗ്രാം, പാറ്റേണുകൾ മുതലായ രൂപങ്ങൾ ഉണ്ടാക്കാനുള്ള പരിശീലനം. | ICT പ്രത്യേക പരിശീലനം നൽകൽ | പഠനരീതിക്ക് അനുസൃതമായ ഉത്തമ പഠനസാമഗ്രികൾ<br>ICT സാധ്യത വികസിപ്പിക്കൽ |

# പരിസര പഠനം.

പ്രകൃതിയും സ്കൂൾ ക്ലാസ്സ്റൂമും, പാഠപുസ്തകമാകുന്ന രീതിയിൽ പഠനം നടത്തുന്നത് കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്താൻ സഹായിക്കും. ചുറ്റുപാടുകളിൽ നിന്നും കാര്യങ്ങൾ മനസിലാകുമ്പോൾ പാഠപുസ്തകങ്ങളിൽ നിന്നും പഠിക്കുന്നതിനേക്കാൾ കുട്ടിയുടെ മനസിൽ നിറഞ്ഞു നിൽക്കും.

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം. |
|---|---|---|
| പാഠപുസ്തകത്തിൽ കൊടുത്തിട്ടുള്ള സിലബസ് സമയബന്ധിതമായി പഠിപ്പിച്ച് നിശ്ചിത പഠനനേട്ടം നേടാൻ പ്രാപ്തമാകുന്നു. പഠന പ്രവർത്തനത്തോടൊപ്പം അതുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ, ചിത്രങ്ങൾ കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പഠനം എന്നിവ. | എല്ലാ ക്ലാസുകളിലും പാഠഭാഗവുമായി ബന്ധപ്പെട്ട് ചിത്രങ്ങൾ, കണ്ടെത്തലുകൾ പരീക്ഷണ നിരീക്ഷണങ്ങൾക്കുള്ള വസ്തുക്കൾ മുതലായവ അടുക്കും ചിട്ടയുമായി ക്രമീകരിക്കേണ്ടതുണ്ട്. ക്ലാസ് പ്രവർത്തനങ്ങൾ നടക്കുന്ന സമയത്തുതന്നെ പരീക്ഷണങ്ങൾ ചെയ്യാനും റിപ്പോർട്ടുകൾ തയ്യാറാക്കാനും കഴിയുന്ന രീതിയിൽ തയ്യാറാക്കിയ ക്ലാസ് മുറികൾ. | |

| | | |
|---|---|---|
| ശാസ്ത്രജ്ഞന്മാരുടെയും ചരിത്രകാരന്മാരുടെയും ജീവ ചരിത്രങ്ങൾ സില വെബ്സൈറ്റുകളുമായി ബന്ധപ്പെട്ട്. | ശാസ്ത്രജ്ഞരുടെയും ചരിത്രകാരന്മാരുടെയും, സാഹിത്യകാരന്മാരുടെയും ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹദ്വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, ആസ്വാദനക്കുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം | |
| പാഠഭാഗത്തിനനുസൃതമായി ഫീൽഡ് ട്രിപ്പുകൾ, രക്ഷിതാക്കളുടെ സഹകരണത്തോടെ പഠനയാത്രകൾ.<br><br>ദിനാചരണങ്ങൾ പാഠഭാഗവുമായി ബന്ധിപ്പിച്ചത്.<br><br>• പ്രകൃതിനിരീക്ഷണം<br>• പ്രകൃതി നടത്തം | പച്ചക്കറിത്തോട്ട നിർമ്മിക്കൽ, ജൈവവൈവിധ്യ ഉദ്യാനം, പരിസ്ഥിതി സംര. ക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ. | |

## ഭിന്നശേഷിക്കാർ

- പ്രത്യേക പഠനോപകരണങ്ങൾ നൽകൽ,
- കളിക്കാനുള്ള ഉപകരണങ്ങൾ നൽകൽ.
- ഡാൻസ്, സംഗീതം, യോഗ എന്നിവ പരിശീലിപ്പിക്കൽ.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്കായി പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കൽ,
- പോഷകാഹാരങ്ങൾ ഉൾപ്പെടുത്തി പ്രത്യേകം ഭക്ഷണങ്ങൾ നൽകി.
- കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

## ഉച്ചഭക്ഷണ പരിപാടി - ലക്ഷ്യങ്ങൾ.

- ഉച്ചഭക്ഷണത്തിന് അർഹരായ കുട്ടികൾക്ക് വൃത്തിയുള്ള അന്തരീക്ഷത്തിൽ ഉച്ചഭക്ഷണം തയ്യാറാക്കി നൽകുക.
- പോഷകസമൃദ്ധമായ ആഹാരം തയ്യാറാക്കിനൽകുക
- ഉച്ചഭക്ഷണ പരിപാടിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക.

## പ്രവർത്തനരീതി.

- ഉച്ചഭക്ഷണകമ്മറ്റി രൂപീകരിച്ച് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു.
- അടുക്കള കേടുപാടുകൾ തീർത്ത് വൃത്തിയായി സൂക്ഷിക്കുന്നു.
- വൃത്തിയുള്ള പാത്രങ്ങൾ, കുടിവെള്ള സംവിധാനം ഇവ ഉറപ്പുവരുത്തുന്നു.
- പൂർണ്ണമായും കുക്കിംഗ് ഗ്യാസ് ഉപയോഗിക്കുന്നു.
- തിളപ്പിച്ചാറിയ വെള്ളം കുടിക്കാൻ നൽകുന്നു.
- എല്ലാദിവസവും 1. pm ന് കുട്ടികൾക്ക് രണ്ടുതരം കറികൾ ഉൾപ്പെടുത്തി ഉച്ചഭക്ഷണം നൽകുന്നു. ആഴ്ചയിൽ മുട്ടയും പാലും നൽകുന്നു.
- പാചകത്തൊഴിലാളികൾക്ക് ശുചിത്വ ബോധവത്കരണം.

## 2025-26 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചില കാര്യങ്ങൾ.

1. അക്കാദമികം : പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കൽ, ക്ലബ് പ്രവർത്തനങ്ങൾ പാഠ്യ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് കൊണ്ടുപോകുക.

2. ടാലന്റ് ലാബ് : കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കാൻ പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

3. സ്കൂൾ ലൈബ്രറി : വായനക്ക് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

4. കലാ കായിക - പ്രവൃത്തി പരിചയം കൂടുതൽ കാര്യക്ഷമമാക്കും.

5. Scholarship പരീക്ഷകൾക്ക് ജൂൺ മാസം മുതൽ പരിശീലനം നൽകും.

6. നിരന്തര വിലയിരുത്തലും പരിഹാരബോധന പരിപാടികളും കൃത്യമായ ഇടവേളകളിൽ ചെയ്യുന്ന പാഠ്യപ്രവർത്തനങ്ങൾ സിലബസ് അനുസരിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിനോടൊപ്പം അധിക വായനക്കും ഇതര പ്രവർത്തനങ്ങൾക്കും അവസരമൊരുക്കും.

7. ഗൃഹസന്ദർശനം : കുട്ടികളുടെ ഗാർഹിക ചുറ്റുപാടുകളും ജീവിത സാഹചര്യങ്ങളും മനസിലാക്കി ഗൃഹസന്ദർശനം അനിവാര്യമാണെന്ന് മനസിലാകുന്നു. 1 ടേമിൽ ഒരു പ്രാവശ്യം എന്ന രീതിയിൽ എല്ലാ കുട്ടികളുടെയും വീടുകൾ സന്ദർശിക്കാൻ ഉദ്ദേശിക്കുന്നു.

8. അസംബ്ലി : എല്ലാ ദിവസവും സ്കൂൾ അസംബ്ലി നടത്താറുണ്ട് (ഇംഗ്ലീഷ്, മലയാളം) പത്രപാരായണം ക്വിസ് മത്സരം എന്നിവ സ്ഥിരമായി ചെയ്യുന്നു.

9. ആഘോഷ ദിനങ്ങൾ, ദിനാചരണങ്ങൾ :- സ്വാതന്ത്ര്യ ദിനം, ഓണാഘോഷം, ക്രിസ്തുമസ്, റിപ്പബ്ലിക് തുടങ്ങിയവ ആഘോഷ പൂർവ്വം കൊണ്ടാടാറുണ്ട്. ദിനാചരണങ്ങൾ ബോധവത്കരണം ഉൾപ്പെടെയുള്ള പരിപാടികളോടെ ഭംഗിയായി ചെയ്യുന്നു.

10. പഠനയാത്ര : വർഷത്തിലൊരിക്കൽ പഠനയാത്ര നടത്തുന്നു. പഠനയാത്രകൾ കുട്ടികളുടെ പാഠ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നു.

11. ഫീൽഡ് ട്രിപ്പ് : പ്രാദേശിക പ്രാധാന്യമുള്ള സ്ഥലങ്ങൾ എല്ലാ വർഷവും സന്ദർശിക്കുന്നു.

# വിദ്യാസമ്പാദന മാർഗ്ഗങ്ങൾ.

1. സ്കൂൾ പി.റ്റി.എ. :- സ്കൂൾ രക്ഷാകർത്തൃസമിതിയും അധ്യാപകരും ചേർന്ന് പ്രവർത്തിക്കുന്നു.

2. സ്കൂൾ വികസനസമിതി :- സ്കൂൾ വാർഷികം മുതലായവക്കായി സ്കൂൾ വികസന സമിതി സഹായിക്കുന്നു.

3. പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ.

4. സ്കൂളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്ത് സഹായിക്കുന്നു.